(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് വാർഷികഗ്രാന്റായി വർഷത്തിൽ അൻപതിനായിരം രൂപ മാത്രമാണ് സാംസ്കാരിക വകുപ്പ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷികഗ്രാന്റ് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ സ്മാരക കമ്മിറ്റി ചെയർമാനിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഗ്രാന്റ് ഉടനെ വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) മോയിൻകുട്ടി വൈദ്യർ സ്മാരകമുൾപ്പെടെ സർക്കാർ ധനസഹായം നൽകുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ ഗ്രാന്റ് പുനർനിർണ്ണയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പി. ടി. തോമസ് എം. എൽ. എ. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കടയ്ക്കൽ സമരത്തിന്റെ സ്മാരകമായ കെട്ടിടം മ്യൂസിയമാക്കുന്നത്

75 [2461] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് കടയ്ക്കലിൽ നടന്ന പ്രസിദ്ധമായ സമരത്തിന്റെ സ്മാരകമായ കെട്ടിടം ഒരു മ്യൂസിയമാക്കി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കെട്ടിടം മ്യൂസിയമാക്കുമ്പോൾ എന്തെല്ലാം പദ്ധതികളാണ് അതിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)—(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പല്ലനയിലെ ബ്രിഡ്ജ് മ്യൂസിയം

76 [2462] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി കുമാരനാശാന്റെ സ്മരണാർത്ഥം പല്ലനയിൽ മുൻ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് തറക്കല്ലിട്ട ബ്രിഡ്ജ് മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്രിഡ്ജ് മ്യൂസിയം എന്ന് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനമന്ദിരം പുതുക്കിപ്പണിയുന്നതിനുള്ള നടപടി

77 [2463] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനമന്ദിരത്തിന്റെ പഴമ നിലനിർത്തിക്കൊണ്ട് പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly